പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4531 — 21.3.2018 ൽ മറുപടിയ്ക്ക്

## ഫാർമസിസ്റ്റ് തസ്തികയിലുള്ള നിയമനവും പ്രൊമോഷനും

| | ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ ലിസ്റ്റ് വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടില്ല. ഫാർമസിസ്റ്റ് ഗ്രേഡ് I, ഗ്രേഡ് II തസ്തികകൾ തമ്മിലുള്ള അനുപാതം 1:1 ആയി നിജപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിണ്ട്. ആയതു പ്രകാരമുള്ള ഫാർമസിസ്റ്റ് ഗ്രേഡ് I ന്റെ ഒഴിവുകളുടെ വിവരം ജില്ലാ മെഡിക്കൽ ഓഫീസുകളിൽ നിന്നും ശേഖരിച്ച് വരുന്നു. ഈ നടപടി പൂർത്തിയായാൽ മാത്രമേ ഫാർമസിസ്റ്റ് ഗ്രേഡ് I തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ സംബന്ധിച്ച നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പത്തനംതിട്ട ജില്ലയിലെ ഫാർമസിസ്റ്റ് ഗ്രേഡ് I, ഗ്രേഡ്II തസ്തികകൾ തമ്മിലുള്ള അനുപാതം നിലവിൽ വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. പത്തനംതിട്ട ജില്ലയിൽ 42 ഫാർമസിസ്റ്റ് ഗ്രേഡ് II, തസ്തികയും 41 ഗ്രേഡ് I തസ്തികയും ഉൾപ്പെടെ 83 ഫാർമസിസ്റ്റ് തസ്തികകൾ നിലവിലുണ്ട് |
| (സി) | റാങ്ക് ലിസ്റ്റ് നിലവിലുണ്ടായിട്ടും ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിലെ ഒഴിവുകൾ നികത്തപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | പത്തനംതിട്ട ജില്ലയിൽ ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തികയിൽ ഒഴിവ് ഇല്ല. |
| (ഡി) | ആർദ്രം പദ്ധതി നടപ്പാക്കിയിട്ടുള്ള ആശുപത്രികളിൽ ഫാർമസിസ്റ്റുകളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | | ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് തിരഞ്ഞെടുത്ത ജനറൽ-ജില്ലാ-താലൂക്ക് ആശുപത്രികളിലും താലൂക്ക് ആശുപത്രിയുടെ നിലവാരത്തിലുള്ള സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലുമായി 30 ഫാർമസിസ്റ്റിന്റെ തസ്തിക സൃഷ്ടിക്കുകയും നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 150 ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. ഈ തസ്തികകൾ ഏതൊക്കെ സ്ഥാപനങ്ങളിലാണെന്നുള്ള തീരുമാനം ആകുന്ന മുറയ്ക്ക് നിയമന നടപടികൾ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ